**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1940. 16.06.2014 ൽ മറുപടിയ്ക്ക്.

**വാഹന ഗതാഗതം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>,, വി. ശശി<br>,, ഇ.കെ. വിജയൻ<br>,, ചിറ്റയം ഗോപകുമാർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രതിദിനം ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ ശരാശരി എണ്ണം എത്രയാണ്, ആയതിൽ ഓരോ വിഭാഗം വാഹനങ്ങളും എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് പ്രതിദിനം ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ ശരാശരിയും അതിൽ ഓരോ വിഭാഗം വാഹനങ്ങളും എത്ര വീതമുണ്ട് എന്നുള്ള വിവരം മോട്ടോർ വാഹന വകുപ്പ് ഇതുവരെ ശേഖരിച്ചിട്ടില്ല. |
| (ബി) | മരാമത്ത് റോഡുകളിലെ വാഹനസാന്ദ്രത ഇപ്പോൾ എത്രയാണ്, വർദ്ധിച്ചുവരുന്ന വാഹനസാന്ദ്രത കണക്കിലെടുത്ത് റോഡുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | കണക്കാക്കിയിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ വാഹനഗതാഗതം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലുംപദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (സി) | പൊതുമരാമത്ത് വകുപ്പ് ബഡ്ജറ്റിന് അനുസൃതമായി പദ്ധതി - പദ്ധതിയേതര ഇനങ്ങളിൽപ്പെടുത്തി സംസ്ഥാനത്തെ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നു. ഇവ കൂടാതെ എം.എൽ.എ.മാരുടെ അസറ്റ് ഡെവലപ്പ്മെന്റ് സ്കീം, നബാർഡ് സ്കീം മുതലായവയിലൂടെയും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കേരളാ റോഡ് ഫണ്ട് ബോർഡ്, കെ.എസ്.ടി.പി., എസ്.ആർ. ഐ.പി., നാഷണൽ ഹൈവേ വിഭാഗം മുതലായവ വഴിയും വിവിധ റോഡ് അടിസ്ഥാന സൗകര്യപദ്ധതികൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ.